**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1630** | **15-03-2022 - ൽ മറുപടിയ്ക്ക്**

**മാംഗോ ഹബ്ബിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ മാംഗോ ഹബ്ബിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ‘എ പൈലറ്റ് പ്രോജക്ട് – മാംഗോ കൾട്ടിവേഷൻ ഇൻ മുതലമട’. ഇതിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളിൽ (എം.ഐ.ഡി.എച്ച്., ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ.) നിന്നും 700 ലക്ഷം രൂപ ഇതിന്റെ പ്രവർത്തനത്തിനു വേണ്ടി വകയിരുത്തിയിരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ 275 ലക്ഷം രൂപ അനുവദിച്ചതിൽ 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപയാണ് നാളിതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ജില്ലയ്ക്കുള്ള പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി മുതലമട മാംഗോ ഹബ്ബിന്റെ പദ്ധതിയ്ക്കായി ചിലവഴിച്ചിട്ടുള്ളത്. മുതലമട മാംഗോ ഹബ്ബ് എന്ന പദ്ധതിയുടെ ഭാഗമായി 4 പഞ്ചായത്തുകളിലായി വിളവിസ്തൃതി വ്യാപനം, തോട്ട പുനരുദ്ധാരണം, യന്ത്രവത്കരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, സംയോജിത രോഗകീട നിയന്ത്രണം, ജലസ്രോതസുകളുടെ നിർമ്മാണം, പ്രദർശനത്തോട്ടങ്ങളുടെ സ്ഥാപനം, തേനീച്ച വളർത്തൽ, പാക്ക് ഹൗസുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 469.1 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി വ്യാപിപ്പിക്കൽ, 235 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി, 4.36 ഹെക്ടറിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗം, 1447.04 ഹെക്ടറിൽ സംയോജിത കീടനിയന്ത്രണവും വളപ്രയോഗവും, കൂടാതെ 62 സ്പ്രേയറുകൾ, 51 വെർമി കമ്പോസ്റ്റ് |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ, 25 പായ്ക്ക് ഹൗസുകൾ, പരാഗണത്തിനായി 713 തേനിച്ച കൂട്ടുകൾ ആർ.കെ.വി.വൈ. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പി.എം.കെ.എസ്. പദ്ധതിയിലൂടെ ജലസേചനത്തിനായി 2 ചെറിയ ടാങ്കുകൾ പുനരുദ്ധരിക്കുകയും, 149 പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പി.കെ.വി.വൈ. പദ്ധതിയിലൂടെ കർഷകർക്കായി വിവിധ പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ മാംഗോ ഹബ്ബിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | നെന്മാറ നിയോജക മണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് 'എ പൈലറ്റ് പ്രോജക്ട് – മാംഗോ കൾട്ടിവേഷൻ ഇൻ മുതലമട'. ഇതിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളിൽ (എം.ഐ.ഡി.എച്ച്., ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ.) നിന്നും 700 ലക്ഷം രൂപ ഇതിന്റെ പ്രവർത്തനത്തിനു വേണ്ടി വകയിരുത്തിയിരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ 275 ലക്ഷം രൂപ അനുവദിച്ചതിൽ 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപയാണ് നാളിതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ജില്ലയ്ക്കുള്ള പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി മുതലമട മാംഗോ ഹബ്ബിന്റെ പദ്ധതിയ്ക്കായി ചിലവഴിച്ചിട്ടുള്ളത്. മുതലമട മാംഗോ ഹബ്ബ് എന്ന പദ്ധതിയുടെ ഭാഗമായി 4 പഞ്ചായത്തുകളിലായി വിളവിസ്തൃതി വ്യാപനം, തോട്ട പുനരുദ്ധാരണം, യന്ത്രവത്കരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, സംയോജിത രോഗകീട നിയന്ത്രണം, ജലസ്രോതസുകളുടെ നിർമ്മാണം, പ്രദർശനത്തോട്ടങ്ങളുടെ സ്ഥാപനം, തേനീച്ച വളർത്തൽ, പാക്ക് ഹൗസുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 469.1 ഹെക്ടർ സ്ഥലത്ത് മാവ് കൃഷി വ്യാപിപ്പിക്കൽ, 235 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി, 4.36 ഹെക്ടറിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗും, 1447.04 ഹെക്ടറിൽ സംയോജിത കീടനിയന്ത്രണവും വളപ്രയോഗവും, കൂടാതെ 62 സ്പ്രേയറുകൾ, 51 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ, 25 പായ്ക്ക് ഹൗസുകൾ, പരാഗണത്തിനായി 713 തേനിച്ച കൂട്ടുകൾ ആർ.കെ.വി.വൈ. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പി.എം.കെ.എസ്. |

| | | | |
|---|---|---|---|
| | | | പദ്ധതിയിലൂടെ ജലസേചനത്തിനായി 2 ചെറിയ ടാങ്കുകൾ പുനരുദ്ധരിക്കുകയും, 149 പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പി.കെ.വി.വൈ. പദ്ധതിയിലൂടെ കർഷകർക്കായി വിവിധ പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മാംഗോ ഹബ്ബിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുള്ളതെന്ന് വിശദമാക്കുമോ? | (സി) | സംയോജിത കീടനിയന്ത്രണവും പോഷക/ വളപ്രയോഗവും എന്നിവയ്ക്കായി 12.63557 ലക്ഷം രൂപ, പ്രാഥമിക/മിനറൽ പ്രോസസിംഗ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 20 ലക്ഷം രൂപ, ജലസ്രോതസുകളുടെ നിർമ്മാണത്തിനായി 0.01174 ലക്ഷം രൂപ, പ്രദർശനത്തോട്ടങ്ങളുടെ സ്ഥാപനത്തിനായി 2.1 ലക്ഷം രൂപ, സോർട്ടിംഗ്, ഗ്രേഡിംഗ് പാക്കിംഗ് യൂണിറ്റുകൾക്കായി 0.25 ലക്ഷം രൂപ, റൈപ്പനിംഗ് ചേമ്പറിനായി 3.5 ലക്ഷം രൂപയും ഇത്തരത്തിൽ ആകെ 38.49731 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് മാംഗോ ഹബ്ബിന്റെ പ്രവർത്തി പൂർത്തീകരിക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി മുഖേന നടപ്പിലാക്കാനുള്ളത്. |

സെക്ഷൻ ഓഫീസർ